## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : DR.BINU FRANCIS IAS**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം റിംഗ് കമ്പോസ്റ്റ് മേഖലയിൽ സേവനം നല്കുന്നതിലേയ്ക്ക് **Greens Bio Industries & Engineering (OPC) Pvt. Ltd.** എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014-ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ആം നമ്പർ തീരുമാനം.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.02.2025 തീയതിയിലെ SM/1743/2024-C4-Part(1) നമ്പർ നടപടിക്രമം.
4. കണ്ണൂർ ജില്ലാ ശുചിത്വ മിഷനിൽ നിന്നും 11.06.2026-തീയതിയിൽ SMKNR/143/2026-TC നം. പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്.
5. 16.07.2026 തീയതിയിൽ കൂടിയ ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ: SM/2071/2025-C4 തീയതി: 02-09-2026

### ഉത്തരവ്

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം ശുചിത്വ മിഷന് അനുമതി നല്കി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2 ) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (3) പ്രകാരം സാങ്കേതിക സമിതി പുന:സംഘടിപ്പിച്ചിരുന്നു.

റിംഗ് കമ്പോസ്റ്റ് മേഖലയിൽ അംഗീകാരം നൽകണം എന്ന് ആവശ്യപ്പെട്ട് **Greens Bio Industries & Engineering (OPC) Pvt. Ltd.** എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത ഏജൻസി കണ്ണൂർ ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് പരിശോധിച്ച് വിലയിരുത്തി, യോഗ്യതാ നിർണ്ണയം നടത്തി ടി ഏജൻസിക്ക് സേവന ദാതാവായി അംഗീകാരം നൽകാവുന്നതാണ് എന്ന ശുപാർശ സഹിതം പരാമർശം (4) പ്രകാരം ജില്ലാ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ച അപേക്ഷയും, ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരാണെന്ന് കണ്ടെത്തിയ ടി ഏജൻസിയെ റിംഗ് കമ്പോസ്റ്റ് നിർമ്മാണ-വിതരണ മേഖലയിൽ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ജില്ലാ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ശുചിത്വ മിഷന് സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, പരാമർശം (5) തീരുമാനത്തിന് വിധേയമായി, ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള **Greens Bio Industries & Engineering (OPC) Pvt. Ltd.** എന്ന സ്ഥാപനത്തിന് ഖരമാലിന്യ (ജൈവം) സംസ്കരണം ***റിംഗ് കമ്പോസ്റ്റ്*** മേഖലയിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഈ **അംഗീകാരത്തിന്റെ കാലാവധി 2029 മാർച്ച് 31 വരെ** ആയിരിക്കും.

| Name of Agency | Category of Empanelment | Devices approved under this category for this agency | Validity |
|---|---|---|---|
| **Greens Bio Industries & Engineering (OPC) Pvt. Ltd.**<br>W No 8 , H No 717, Nambisseril House,<br>Ottathai, Vellad, Kannur -670571<br>Mob: 9447482968<br>Mail: greensbioindustries@gmail.com | Outdoor Aerobic composting units | Ring Compost | Till 31-03-2029 |

<u>നിബന്ധനകൾ</u>

1. 05.03.2026-ൽ ചേർന്ന ശുചിത്വ മിഷന്റെ 37-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, എംപാനൽമെന്റ് ലഭിക്കുന്ന എല്ലാ ഏജൻസികളും, എംപാനൽമെന്റ് ഫീസായി ₹5000+GST (18%) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കേണ്ടതും, GST സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം പേയ്മെന്റ് ഡീറ്റെയിൽസ് ലഭ്യമാക്കിക്കൊണ്ട് എംപാനൽമെന്റ് സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടതുമാണ്.
2. ഈ അംഗീകാരത്തിന്റെ കാലാവധി **2029 മാർച്ച് 31 വരെ ആയിരിക്കും**. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നല്കുന്നതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും ഓഫർ നല്കുവാൻ അവസരം നല്കുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നല്കേണ്ടതാണ്.
4. സേവന ദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
5. സേവന ദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ ടെൻഡർ നടപടിക്രമങ്ങളിലൂടെ പങ്കെടുത്തുകൊണ്ടു മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
6. സർക്കാർ/ശുചിത്വ മിഷൻ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ളതും, ഗുണനിലവാരമുള്ളതുമായ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്കിൽ മാത്രമേ നിർമ്മിച്ച് വിതരണം ചെയ്യുവാൻ പാടുള്ളൂ. ഗുണനിലവാര പരിശോധനകൾ സർക്കാർ മാർഗരേഖ പ്രകാരം അനുവർത്തിക്കേണ്ടതാണ്.
7. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നല്കേണ്ടത്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ യൂണിറ്റ് നിരക്ക്, സ്റ്റാൻഡേർഡ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറന്റി നിബന്ധനകൾ എന്നിവ നിർബന്ധമായും എല്ലാ സേവന ദാതാക്കളും പാലിക്കേണ്ടതാണ്.
8. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന/സ്ഥാപിക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദ

വിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, വാറണ്ടി പിരീയഡ്, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, എംപാനൽമെന്റ് പുതുക്കുന്നതിന് 90 ദിവസം മുൻപ് ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.

9. സേവന ദാതാക്കൾ വാറണ്ടി (കുറഞ്ഞത് 3 വർഷം എങ്കിലും) കാലയളവിനുള്ളിൽ, മൂന്നു മാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/പ്ലാന്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഗുണഭോക്താവിന്/ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.
10. സേവന ദാതാക്കൾ മേൽപ്പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, മേൽപ്പറഞ്ഞവയ്ക്ക് ഉപരിയായി ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. സർക്കാർ/ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളും പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്.
12. മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകളിലെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്ഥാന ടി ഏജൻസിക്ക് ഫൈൻ ചുമത്തേണ്ടതും ടി തുക ഏജൻസിക്ക് നൽകാനുള്ള തുകയിൽ നിന്നും തിരിച്ചുപിടിക്കേണ്ടതുമാണ്.
13. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് വിരുദ്ധമായി എംപാനൽഡ് ഏജൻസി പ്രവർത്തിക്കുന്ന പക്ഷം, അല്ലെങ്കിൽ, എംപാനൽഡ് ഏജൻസിയുടെ നിരുത്തരവാദിത്വപരമായ പ്രവർത്തനങ്ങൾ മൂലം സർക്കാരിന്/പൊതുജനത്തിന് ഏതെങ്കിലും വിധേനയുള്ള കഷ്ട-നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം, ബന്ധപ്പെട്ട എംപാനൽഡ് ഏജൻസി ആയത് നികത്തുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും. ആയതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരതുക പ്രവൃത്തി നിർവ്വഹണ ഏജൻസിയിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കുന്നതും, യാതൊരു മുന്നറിയിപ്പും കൂടാതെ ടി ഏജൻസിയെ കരിമ്പട്ടികയിൽപ്പെടുത്തി മാലിന്യ സംസ്കരണ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കുന്നതും, ടി ഏജൻസിയുടെ ശുചിത്വ മിഷൻ അംഗീകാരം റദ്ദ് ചെയ്യുന്നതും, പ്രസ്തുത ഏജൻസിക്കെതിരെ നിലവിലെ ബാധകമായ നിയമങ്ങൾ പ്രകാരം കോടതി വ്യവഹാരത്തിന് ശുപാർശ ചെയ്യുന്നതുമായിരിക്കും.
14. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസ്സിംഗ് ഫീസ്, എംപാനൽമെന്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ, ഉത്പ്പന്നത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.
15. എംപാനൽ ചെയ്യപ്പെട്ട മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ നയമാറ്റമുണ്ടാകുകയാണെങ്കിൽ എപ്പോൾ വേണമെങ്കിലും എംപാനൽമെന്റ് റദ്ദാക്കാൻ ശുചിത്വ മിഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

DR.BINU FRANCIS IAS

EXECUTIVE DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ഡയറക്ടർ ജനറൽ, കില
3. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
4. എല്ലാ ജില്ലാ മിഷനൻ കോ-ഓര്ഡിനേറ്റര്മാര്ക്കും
5. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
6. വെബ്സൈറ്റ്, ഓഫീസ് കോപ്പി/കരുതൽ ഫയൽ.